LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട്—അരീക്കോട്—ചെലുവാടി ബസ് റൂട്ട്

## ആരംഭിക്കാൻ നടപടി

64 [2933] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-അരീക്കോട് വഴി കുന്ദമംഗലം വെള്ളന്നൂർ-കണ്ണിപ്പറമ്പ്-അരയങ്കോട്-ചിററാരി-വിലാക്കൽ-കുളിമട-ചെലുവാടി ബസ് റൂട്ട് അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസ്സിന്റെ ലഭ്യതയനുസരിച്ച് ഈ റൂട്ട് അനുവദിക്കുന്നതാണ്.

## ആൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിററുള്ള വാഹനങ്ങളിൽ നിന്ന് പിരിച്ചെടുക്കേണ്ട നികുതി

65 [2934] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന ആൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിററ് ഉള്ള വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) 2001 നവംബർ മുതൽ 2002 മാർച്ച് വരെയുള്ള കാലയളവിൽ ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരമുള്ള വാഹന നികുതി ആൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിററുള്ള 124 വാഹനങ്ങളുടെ ഉടമകളിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിനു കാരണമെന്താണെന്നും അതുവഴി പിരിച്ചെടുക്കേണ്ട നികുതി എത്രയാണെന്നും പറയാമോ;

(ഡി) ഇതു സംബന്ധിച്ച് ആഡിററ് പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ആഡിററ് വിഭാഗം ഈ വീഴ്ച ചൂണ്ടിക്കാണിച്ച ശേഷം പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് പറയാമോ;

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് പരാമർശങ്ങൾക്ക് സർക്കാർ മറുപടി നൽകിയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിററുള്ള വാഹനത്തിന് ഒരു സീററിന് 1400 രൂപ വീതം ത്രൈമാസ നികുതിയായി ഈടാക്കുന്നു. വാഹനത്തിന്റെ സീററിംഗ് കപ്പാസിററി അനുസരിച്ചാണ് നികുതി ഈടാക്കുന്നത്.

(ബി) ഇല്ല. ഹൈക്കോടതി സ്റ്റേമൂലം നികുതി അടയ്ക്കേണ്ട സമയത്ത് ഈടാക്കുവാൻ കഴിയാതെ വന്ന തുകയാണ് ഓഡിററിൽ ചൂണ്ടി കാണിച്ചിരിക്കുന്നത്.

(സി) 124 വാഹനങ്ങളിലായി 51,77,100 രൂപ പിരിച്ചെടുക്കേണ്ടതുണ്ട്. അതിൽ 2,27,612 രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. പ്രസ്തുത വാഹനങ്ങളിൽ കൂടുതലും അന്യ സംസ്ഥാനത്തുള്ളവയാണ്. അതുകൊണ്ടാണ് ബാക്കി തുക പിരിച്ചെടുക്കാൻ കഴിയാത്തത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ചെക്ക് പോസ്ററ് ഉദ്യോഗസ്ഥർക്കും തുക പിരിച്ചെടുക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അയൽ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും തുക പിരിച്ചെടുത്ത് നൽകണമെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്.

(ഡി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ഇ) 2,27,612 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

## ശബരിമല തീർത്ഥാടനത്തിന് പോകുന്നവരിൽ നിന്ന് അധിക ചാർജ്ജ് ഈടാക്കുന്ന നടപടി

66 [2935] ശ്രീ. വി. ഡി. സതീശൻ:
,, കെ. സുധാകരൻ:
,, എം. കെ. പ്രേമസൺ മാസ്ററർ:
,, എം. മുരളി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന് പോകുന്നവരിൽനിന്ന് അധിക ചാർജ്ജ് ഈടാക്കുന്ന നടപടി കെ. എസ്. ആർ. ടി. സി. എന്നാണ് തുടങ്ങിയതെന്ന് പറയാമോ;

(ബി) അന്ന് ഗതാഗത വകുപ്പുമന്ത്രി ആരായിരുന്നു;

(സി) ഈ സംവിധാനം നിർത്തലാക്കിയത് എന്നാണ്;

(ഡി) അപ്പോൾ ഏത് മന്ത്രിസഭയാണ് നിലവിലിരുന്നത്;

(ഇ) ഈ അധിക ചാർജ്ജ് വേണ്ടെന്നു വച്ചതുകൊണ്ട് കോഴിക്കോട്, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ നിന്ന് ശബരിമലയ്ക്കു തീർത്ഥാടനാർത്ഥം പോകുന്നവർക്ക് പമ്പവരെ സഞ്ചരിക്കുമ്പോൾ എന്തു തുക ലാഭമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബസ് ചാർജ്ജ് വർദ്ധനവിനോടനുബന്ധിച്ച് മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് കഴിഞ്ഞ 25 വർഷത്തിലേറെ കാലമായി അധിക ചാർജ്ജ് നിലവിലുള്ളതായി കാണുന്നു. കൃത്യമായി എന്നു മുതലാണ് അധിക ചാർജ്ജ് ഈടാക്കാൻ തുടങ്ങിയതെന്ന് അറിവില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly